भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

**കേരളം केरल KERALA** BP 393349

01.10.2017, രണ്ടായിരത്തി പതിനേഴാം ആണ്ടു ഒക്ടോബർ മാസം ഒന്നാം തിയതി എറണാകുളം ജില്ല, കണിയന്നൂർ താലൂക്, തൃക്കാക്കര വടക്ക് വില്ലേജ്, പുതുപള്ളിപ്പുറം കരയിൽ ഇടപ്പള്ളി പി ഒ, കൊച്ചി 24 ഗോഡൗൺ റോഡിൽ പുളിക്കപ്പറമ്പിൽ വീട്ടിൽ സൈനുദീൻ പി എം മകൻ 53 വയസുള്ള **ഹമീദ് പി എസ്** ഒന്നാം പാർട്ടിയായും, എറണാകുളം ജില്ല ആലുവ താലൂക് ആലുവ വെസ്റ്റ് വില്ലേജ് തയ്യിൽ നെരിയാ ഗാർഡൻ, യു സി സി പി ഒ, കൊച്ചി 2, വർഗീസ് രാജു മകൻ 40 വയസുള്ള **സന്തോഷ് തയ്യിൽ** രണ്ടാം പാർട്ടിയായും പരസ്പരം ഉഭയസമ്മതപെട്ടു എഴുതിയ വാടക കരാർ. ഒന്നാം പാർട്ടി വകയും ഒന്നാം പാർട്ടിയുടെ കരം തീരുവയിലും കൈവശാവകാശത്താലും ഇരിക്കുന്നതുമായ കളമശ്ശേരി മുൻസിപ്പാലിറ്റിയിൽ നിന്നും 26/78 എന്ന നമ്പർ ഇട്ടിട്ടുള്ള വടക്കു ഭാഗമുള്ള ഒരു മുറി മാത്രം രണ്ടാം പാർട്ടിക്ക് **SANTOS KING**, എന്ന സ്ഥാപനം നടത്തുന്നതിനു വേണ്ടി 01/10/2017 മുതൽ 33 (മുപ്പത്തിമൂന്ന്) മാസത്തെ കാലാവധിക്ക് പ്രതിമാസം Rs.6300/- (ആറായിരത്തി മുന്നൂറ് രൂപ) വീതം വാടക ഉഭയസമ്മതപെട്ടു ടി കെട്ടിട മുറിയുടെ താക്കോൽ സഹിതം ഒന്നാം പാർട്ടിയോട് രണ്ടാം പാർട്ടി വാടകക്ക് ഏറ്റ് കൈവശം വാങ്ങിയിരിക്കുന്നു. ഇത് അനുസരിച്ചു ടി കെട്ടിടമുറി കൈവശം വച്ച് മേൽ പറഞ്ഞ ആവിശ്യത്തിന് മാത്രം ഉപയോഗിച്ചും വാടക രൂപ എല്ലാ ഇംഗ്ലീഷ് മാസങ്ങളുടെയും ഒന്നാം

59061 Date: ... ഒന്നാം പാർട്ടി: **ഹമീദ് പി എസ്** രണ്ടാം പാർട്ടി: **സന്തോഷ് തയ്യിൽ**

...e of ₹: ......... 100/-

...to: ......... സന്തോഷ് തയ്യിൽ

തയ്യിൽ വീട്, UCC. [illegible]

ആലുവ. 2

K. Balachandran
Stamp Vender
Edappally

DISTRICT STAMP DE... 18 SEP 2017 ERNAKULAM

भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

BP 393350

തീയതികളിൽ രണ്ടാം പാർട്ടി ഒന്നാം പാർട്ടിക്ക് കൊടുക്കേണ്ടതും 01-10-2017 തിയതി മുതൽ മുപ്പത്തിമൂന്ന് മാസം തികയുമ്പോൾ യാതൊരു തർക്കവും പറയാതെ ടി കെട്ടിട മുറി ഒഴിഞ്ഞു താക്കോൽ സഹിതം ഒന്നാം പാർട്ടിക്ക് കൈവശം തരികയും ചെയ്തുകൊള്ളാം. ടി കെട്ടിട മുറിയിൽ 01.10.2017 തിയതി മുതൽ രണ്ടാം പാർട്ടി ഉപയോഗിക്കുമ്പോൾ വരുന്ന കറന്റ് ചാർജ് വാടകക്ക് പുറമെ എല്ലാ മാസവും രണ്ടാം പാർട്ടി തന്നെ അടച്ചു രസീത് ഒന്നാം പാർട്ടിയെ കാണിച്ചു ബോധ്യപ്പെടുത്തേണ്ടതാണ്. പ്രതിമാസ വാടക മുടക്കം വരുത്തിയാൽ ആ കാരണത്തിന്മേൽ കാലാവധി പരിഗണിക്കാതെ ഈ വാടക അവകാശത്തിന്മേൽ നിന്നും രണ്ടാം പാർട്ടിയെ ഒഴിപ്പിക്കുവാൻ ഒന്നാം പാർട്ടിക്ക് അവകാശമുണ്ടെന്നും അപ്രകാരം രണ്ടാം പാർട്ടി ഒഴിഞ്ഞു കൊള്ളാമെന്നും സമ്മതിച്ചിരിക്കുന്നു. ഒഴിയുകയോ ഒഴിപ്പിക്കുകയോ ചെയ്യുന്ന സമയത്തു വിശേഷാൽ യാതൊരു പ്രതിഫലവും രണ്ടാം പാർട്ടി ആവശ്യപെടുന്നതല്ലെന്നും വിപിരീതമായി രണ്ടാം പാർട്ടി പ്രവർത്തിച്ചാൽ ആയതു അസാധു ആകുന്നതുമാണ്. ഈ വാടക ഏർപ്പാടിന് അഡ്വാൻസ് ആയി Rs. 50000/ (അൻപതിനായിരം രൂപ) രണ്ടാം പാർട്ടിയിൽനിന്നു ഒന്നാം പാർട്ടി രൊക്കം പറ്റി ബോധ്യം വന്നിരിക്കുന്നതും ആകുന്നു. ഈ ഏർപ്പാട് അവസാനിക്കുന്ന മുറക്ക് കുടിശിക ഉണ്ടായാൽ ആയതു ടി അഡ്വാൻസ്

ഒന്നാം പാർട്ടി: **ഹമീദ് പി എസ്**

രണ്ടാം പാർട്ടി: **സന്തോഷ് തയ്യിൽ**

9062 Date 26 09.17

of ₹: 100/-

to: സന്തോഷ് തയ്യിൽ

തയ്യിൽവീട് ...

K. Balachandran
Stamp Vender
Edappally

DISTRICT STAMP DE...
18 SEP 2017
ERNAKULAM

സംഖ്യയിൽ നിന്നും തട്ടി കിഴിച്ചും പോരാതെ വന്നാൽ രണ്ടാം പാർട്ടിയുടെ കയ്യിനാൽ തരികയും കുടിശിക ഇല്ലെങ്കിൽ അഡ്വാൻസ് സംഖ്യ തിരികെ പറ്റുകേയും ചെയ്തു കൊള്ളാമെന്നും സമ്മതിച്ചും . നിശ്ചയം ചെയ്തിരിക്കുന്നു. ടി കെട്ടിട മുറി കൈവശം വച്ചും മേൽ പറഞ്ഞ ആവശ്യത്തിന് ഉപയോഗിക്കാമെന്നല്ലാതെ നിയമപരമല്ലാത്ത കാര്യങ്ങള്ക്ക് ഉപയോഗിക്കുന്നതിനോ പരിസരവാസികൾക്കു ബുദ്ധിമുട്ടുണ്ടക്കുന്നതിനോ വാടക രൂപാ, കറന്റ് ചാർജ് ശേഖരമായി കുടിശിക വരുത്തുന്നതിനോ അന്യകൈവശം കൊടുപ്പാനോ കൈമാറ്റം ചെയ്യുവാനോ കീഴ്‌വാടകക്കു കൊടുക്കുന്നതിനോ കെട്ടിട മുറിയിൽ കൂടുതൽ എടുപ്പുകളോ മറ്റോ ഉണ്ടാക്കുന്നതിനോ യാതൊന്നിനും രണ്ടാം പാർട്ടിക്ക് അവകാശമില്ലാത്തതും അതിനു വിപിരീതമായി രണ്ടാം പാർട്ടിയുടെ പ്രവർത്തി മൂലം ഒന്നാം പാർട്ടിക്ക് എന്തെങ്കിലും നഷ്ടത്തിന് ഇടയാക്കിയാൽ ആയത്തിലേക്കു നേരിടുന്ന കഷ്ടനഷ്ടങ്ങൾ ടി അഡ്വാൻസ് സംഖ്യയിൽ നിന്നും തട്ടി കിഴിച്ചും പോരാതെ വന്നാൽ രണ്ടാം പാർട്ടിയുടെ കയ്യിനാൽ തരേണ്ടതും ആകുന്നു. ടി കെട്ടിട മുറി കേടുപാടുകൾ വരുത്താതെ രണ്ടാം പാർട്ടി സൂക്ഷിച്ചു കൊള്ളാവുന്നതും ഈ വാടക അവകാശം രണ്ടാം പാർട്ടി ഒഴിയുന്ന സമയം ടി കെട്ടിട മുറിയിൽ എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ ആയതു രണ്ടാം പാർട്ടിയുടെ ചിലവിൽ തന്നു കൊള്ളാവുന്നതുമാകുന്നു. ഈ കരാർ കാലാവധി കഴിഞ്ഞു ഒഴിഞ്ഞു മൂന്നു വർഷക്കാലത്തേക്ക് പ്രതിമാസം വാടകയുടെ പത്തു ശതമാനം വർദ്ധവിനാൽ ടി കെട്ടിടമുറി ഒന്നാം പാർട്ടി രണ്ടാം പാർട്ടിക്കു വാടക നല്കികൊള്ളാമെന്ന് സമ്മതിച്ചിട്ടുള്ളതും ആകുന്നു. ഇപ്രകാരം സമ്മതിച്ചതും നിശ്ചയിച്ചതും താഴെ കാണുന്ന സാക്ഷികൾ കാൺകെ ഈ വാടക കരാറിൽ ഒപ്പിട്ടു തന്നിരിക്കുന്നു.

എന്ന് ടി

1. ഹമീദ് പി എസ്    2. സന്തോഷ് തയ്യിൽ

സാക്ഷികൾ

1. അഹമ്മദ് നൂർ, വിലാപ്പിള്ളി വീട്, എടത്തല തപാൽ

2. സിനു കുറുപ്പ്, കൗസ്തുഭം വീട്, കളമശ്ശേരി

ഇത് കമ്പ്യൂട്ടർ പ്രിന്റ് ആകുന്നു. വെട്ടിത്തിരുത്തലുകളില്ല

ഒന്നാം പാർട്ടി: **ഹമീദ് പി എസ്**

രണ്ടാം പാർട്ടി: **സന്തോഷ് തയ്യിൽ**